പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

10/02/2016 -ൽ

മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 827

## കവലയൂർ മഹാദേവ ക്ഷേത്രക്കുളം

| ചോദ്യം<br>ശ്രീ. ബി. സത്യൻ | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
|---|---|
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ നവീകരിക്കാൻ അനുവദിച്ച തുക ചെലവഴിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥിതിവിശേഷത്തിന്റെ കാരണം വ്യക്തമാക്കാമോ; | എ) ക്ഷേത്രക്കുള നവീകരണത്തിനായി സർക്കാരിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ച തുക ഉപയോഗപ്പെടുത്തി തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ വരുന്ന പാൽക്കുളങ്ങര ക്ഷേത്രക്കുളം നവീകരിച്ചുകഴിഞ്ഞതായും ശ്രീ സുബ്രഹ്മണ്യക്ഷേത്രക്കുളം (തിരുവനന്തപുരം ഗ്രൂപ്പ്), കുളങ്ങര ക്ഷേത്രക്കുളം (ഉള്ളൂർ ഗ്രൂപ്പ്), വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രക്കുളം (വർക്കല ഗ്രൂപ്പ്) എന്നിവയുടെ നവീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| ബി) കവലയൂർ മഹാദേവ ക്ഷേത്രക്കുളം നവീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വിശദമാക്കാമോ? | ബി) കവലയൂർ മഹാദേവ ക്ഷേത്രക്കുളം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷേത്ര ഉപദേശക സമിതി സെക്രട്ടറി നൽകിയ അപേക്ഷ ലഭ്യമായിട്ടുണ്ട്. ഫയൽ നമ്പർ 84530/ദേവ2/2015/ആർഡി ആണ്. പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുപാർശകൂടി ലഭ്യമായാൽ മാത്രമേ അപേക്ഷ പരിഗണിക്കാൻ കഴിയുകയുള്ളൂ. കുളങ്ങളുടെയും കാവുകളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി 1 കോടി രൂപ മാത്രമേ 2015-16 സാമ്പത്തിക വർഷം വകയിരുത്തി നൽകിയിട്ടുള്ളൂ. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കൂടുതൽ തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിച്ചെങ്കിൽ മാത്രമേ ഓരോ ദേവസ്വങ്ങൾക്കും ടി പദ്ധതിക്കായി തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ